ഭരണഭാഷ - മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 ‑ 2324951
0471 ‑ 2325071
Tele FAX : 0471 ‑ 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഇ14(എ2)-13442/2019/സിഇ/തസ്വഭവ (Vol. IV) തീയതി. 16/10/2020

# സർക്കുലർ

വിഷയം : തസ്വഭവ (LID & EW) - ഗ്രാമപഞ്ചായത്തുകളിൽ Intern Trainee-കളെ നിയമിക്കുന്നത് - സംബന്ധിച്ച്

സൂചന : 14.08.2020-ലെ ജി.ഒ(ആർ.റ്റി) നം. 1516/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

സൂചന പ്രകാരം 2020-21 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഈ വകുപ്പിന് കീഴിൽ 62 ഇന്റേൺ ട്രെയിനികളെ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി ലഭ്യമായിട്ടുള്ളതാണ്. ഇതിൻപ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ 57 പേരെയും, തദ്ദേശ സ്വയംഭരണ വകുപ്പ് (LID & EW) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 5 പേരെയും ചേർത്ത് 62 പേരെ നിയമിക്കുന്നതാണ്.

പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തുകൾ പാലിക്കേണ്ടതാണ്.

1) ഇന്റേൺ ട്രെയിനി നിയമനം Additional Skill Acquisition Programme (ASAP)-ൽ നിന്ന് ലഭ്യമാകുന്ന സെലക്ട് ലിസ്റ്റിൽ നിന്നാണ് നടത്തുന്നത്.
2) ഇന്റേൺ ട്രെയിനികൾക്ക് നൽകേണ്ട പ്രതിമാസ വേതനം 10,000/- രൂപ ആയിരിക്കുന്നതാണ്. ഈ തുകയുടെ 50% ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 2515-00-001-86-34-3 Other Items എന്ന് ശീർഷകത്തിൽ നിന്ന് വഹിക്കുന്നതും, ബാക്കി 50% അതാത് ഗ്രാമപഞ്ചായത്തുകൾ വഹിക്കേണ്ടതുമാണ്.
3) നിലവിൽ ഇന്റേൺ ട്രെയിനിമാരുള്ള ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത ഇന്റേൺ ട്രെയിനിമാരുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വിട്ടുതൽ ചെയ്യിച്ചതിനുശേഷം പുതിയ ഇന്റേൺ ട്രെയിനി നിയമനത്തിനായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

4) നിയമിക്കപ്പെടുന്ന ഇന്റേൺ ട്രെയിനികൾക്ക് കൃത്യസമയത്ത് വേതനം ഉറപ്പുവരുത്തുന്നതിനായി ആദ്യ 6 മാസത്തെ വേതനം (6 x 10,000 = 60,000/-) മേൽ ശീർഷകത്തിൽ നിന്നും ചീഫ് എഞ്ചിനീയർ അനുവദിക്കുന്നതും, തുടർന്നുള്ള 6 മാസത്തെ വേതനം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച നിബന്ധനകൾക്ക് വിധേയമായി ഇന്റേൺ ട്രെയിനിമാരെ നിയമിക്കാൻ സമ്മതമറിയിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പട്ടിക **21.10.2020-ന് വൈകിട്ട് 5 മണിയ്ക്ക്** മുമ്പ് തന്നെ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഇ-മെയിൽ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇന്റേൺ ട്രെയിനി നിയമനം സംബന്ധിച്ചുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനവും, ഒരു വർഷത്തേയ്ക്ക് നിയമിതരാകുന്ന ഇന്റേൺ ട്രെയിനികളുടെ വേതനത്തിന്റെ 50% തുക വഹിച്ചുകൊള്ളാമെന്ന സമ്മതപത്രവും **23.10.2020-ന് വൈകിട്ട് 5 മണിയ്ക്ക്** മുൻപായി ഇ-മെയിൽ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. Road Connectivity Map work നടക്കുന്ന ആലപ്പുഴ, പത്തനംതിട്ട ജില്ലകൾക്ക് ഇന്റേൺ ട്രെയിനി നിയമനത്തിൽ മുൻഗണന ലഭിക്കും.

എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും തങ്ങളുടെ ജില്ലയിലുള്ള ഇന്റേൺ ട്രെയിനി നിയമനത്തിന് സമ്മതമറിയിച്ച ഗ്രാമപഞ്ചായത്തുകളിൽ നിന്നും സമ്മതപത്രവും, ഭരണസമിതി തീരുമാനവും മുകളിൽ സൂചിപ്പിച്ച സമയപരിധിയ്ക്കുള്ളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ**
(ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധികചുമതല)

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**

പകർപ്പ് : എല്ലാ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയർമാർക്കും

P 745